# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

02/11/2025 **STD - X** മാർക്ക് - 50
10.30am - 12.30pm സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക** **1X10=10**

| | | |
|---|---|---|
| * ഈശോ | * പൗലോസ്ശ്ലീഹാ | * വിശുദ്ധർ |
| * ഡീക്കന്മാർ | * പത്രോസ്ശ്ലീഹാ | * വി. ബേസിൽ |
| * പാഷണ്ഡത | * അപ്പോളജി | * മാർപാപ്പ |
| * യാക്കോബ്ശ്ലീഹാ | * മെത്രാന്മാർ | * വിശ്വാസികൾ |
| * വി. ക്രിസ്റ്റോസ്റ്റോം | * എവുസേബിയൂസ് | * സുവിശേഷ പ്രഘോഷണം |

1. ആദ്യ ക്രൈസ്തവസമൂഹം രൂപംകൊണ്ടത് ആരുടെ വചനപ്രഘോഷണത്തിന്റെ ഫലമായിട്ടാണ്?
2. പ്രവൃത്തിയില്ലാത്ത വിശ്വാസം ചത്തതാണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്ന ശ്ലീഹാ ആര്?
3. സഭാസമൂഹത്തിലെ കൂട്ടായ്മ നിലനിർത്താനും ശക്തിപ്പെടുത്താനും ശ്ലീഹന്മാരാൽ നിയോഗിക്കപ്പെട്ടത് ആര്?
4. "അലമാരയിൽ സൂക്ഷിച്ചിരിക്കുന്ന ഭക്ഷണപദാർത്ഥങ്ങൾ വിശക്കുന്നവന്റെയും, വസ്ത്രം നഗ്നന്റെയും, പാദുകങ്ങൾ നിഷ്പാദുകന്റെയുമാണ്" എന്ന് പഠിപ്പിക്കുന്ന വിശുദ്ധൻ ആര്?
5. ശ്ലീഹന്മാർ സുവിശേഷം പ്രസംഗിച്ച സ്ഥലങ്ങളെക്കുറിച്ചും അവരുടെ രക്തസാക്ഷിത്വത്തെക്കുറിച്ചും വിവരിക്കുന്ന ചരിത്രകാരൻ ആര്?
6. പൗലോസ് ശ്ലീഹാ ഓരോ സഭയേയും സംബോധന ചെയ്യുന്നത് എങ്ങനെ?
7. സഭയുടെ സത്യവിശ്വാസ പ്രബോധനങ്ങൾ നിരാകരിച്ച് അതിനു വിരുദ്ധമായി പഠിപ്പിക്കുന്നതിനെ എന്താണ് പറയുന്നത്?
8. സുവിശേഷത്തിന്റെ പരമോന്നത വക്താവും ആദ്യത്തെ പ്രേഷിതനും ആര്?
9. സഭാരൂപീകരണത്തിന്റെ ആദ്യപടി എന്താണ്?
10. വിശ്വാസസത്യങ്ങൾ വിശദീകരിച്ചുകൊണ്ട് അവയെ സംരക്ഷിക്കുവാൻ എഴുതിയ ഗ്രന്ഥങ്ങളും പ്രമാണരേഖകളും അറിയപ്പെടുന്നത് എങ്ങനെ?

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X7=7

11. സഭയുടെ പ്രേഷിത പ്രവർത്തനത്തിനടിസ്ഥാനം എന്ത്?
12. സത്യവിശ്വാസത്തിന്റെ ഉറവിടങ്ങൾ ഏവ?
13. നല്ല സമറായന്റെ ഉപമയിലൂടെ ഈശോ നമ്മെ പഠിപ്പിച്ചത് എന്ത്?
14. താൻ രൂപംകൊടുത്ത സഭാസമൂഹത്തിന്റെ ഇടയനായി തിമോത്തെയോസിനെ നിയോഗിച്ചശേഷം പൗലോസ് ശ്ലീഹാ ഉദ്ബോധിപ്പിച്ചത് എന്ത്?
15. വി. ദേവസഹായം പിള്ള രക്തസാക്ഷിയായിത്തീർന്നത് എങ്ങനെ?
16. ദൈവരാജ്യപ്രഘോഷണത്തിനായി ഈശോ ശ്ലീഹന്മാരെ അയച്ചപ്പോൾ നൽകിയ നിർദ്ദേശം എന്തായിരുന്നു?
17. സന്യാസത്തിലെ ഏറ്റവും അടിസ്ഥാനപരമായ നിയമം എന്ത്?

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക 3X3=9

18. 'സഭ സ്വഭാവത്താലേ പ്രേഷിതയാണ്.' വിശദീകരിക്കുക.
19. അപ്പം മുറിക്കൽ ശുശ്രൂഷ ആദിമ ക്രൈസ്തവ സമൂഹത്തിന്റെ ശക്തികേന്ദ്രമായി മാറിയത് എങ്ങനെ?
20. സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ അടിസ്ഥാനമെന്ത്? വ്യക്തമാക്കുക.

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

21. ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്കുവേണ്ടിയുള്ള ജപം എഴുതുക.
22. ലിയോ പതിനാലാമൻ മാർപാപ്പയുടെ ജന്മസ്ഥലം ഏത് രാജ്യത്താണ്?
23. വചനം പൂർത്തിയാക്കുക. പ്രഭാഷകൻ 2:6, "കർത്താവിൽ ..........."
24. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'പുഞ്ചിരിക്കുന്ന ഈശോ' എന്താണ് നമ്മോട് പറയുന്നത്?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

25. സഭയുടെ പ്രേഷിതപ്രവർത്തന മാർഗ്ഗങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട പ്രാർത്ഥനയും പ്രഘോഷണവും വഴിയായുള്ള പ്രേഷിതത്വത്തെ കുറിച്ച് 'പ്രേഷിതപ്രവർത്തന മാർഗ്ഗങ്ങൾ' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.
26. ഡിജിറ്റൽ യുഗത്തിൽ ജീവിക്കുന്ന നിങ്ങൾക്ക് ക്രൈസ്തവിശ്വാസം തന്നെ വെല്ലുവിളിയാകുന്നുണ്ടോ? ന്യൂജൻ വിശുദ്ധനായ കാർലോയെ ഈ ഡിജിറ്റൽ യുഗത്തിൽ എങ്ങനെ മാതൃകയാക്കാം എന്ന് വ്യക്തമാക്കുക.

| | |
|---|---|
| 27. ഇന്റേണൽ അസസ്സ്മെന്റ്: | 10 |
| മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ. | |

# Semester 1 2025-2026
# STD X

## A.ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക

1. **പത്രോസ്ശ്ലീഹാ 2/17/1**
2. **യാക്കോബ്ശ്ലീഹാ 6/49/1**
3. **ഡീക്കന്മാർ 3/25/2**
4. **വി. ബേസിൽ 8/62/1**
5. **എവുസേബിയൂസ് 4/30/2**
6. **വിശുദ്ധർ 6/45/3**
7. **പാഷണ്ഡത 5/38/1**
8. **ഈശോ 1/11/**Line **3**
9. **സുവിശേഷപ്രഘോഷണം 2/20/2**
10. **അപ്പോളജി 5/40/1**

## B. ഒന്നോ രണ്ടോ വാക്യത്തിൽ  ഉത്തരമെഴുതുക.

11. **7/52/1**

    എല്ലാവരും രക്ഷ പ്രാപിക്കണമെന്നും സത്യം അറിയണമെന്നുമുള്ള ദൈവത്തിന്റെ ഇഷ്ടമാണ്.

12. **5/37/2**

    വിശുദ്ധ ലിഖിതവും പാരമ്പര്യങ്ങളും

13. **8/61/1**

    ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുന്നവനാണ് നല്ല അയൽക്കാരൻ.

14. **6/47/1**

    വിശുദ്ധ ലിഖിതങ്ങൾ വായിക്കുന്നതിലും ഉപദേശങ്ങൾ നൽകുന്നതിലും അദ്ധ്യാപനത്തിലും ശ്രദ്ധാലുവായിരിക്കണം.

15. **4/34/3**

    ഒരു ബ്രാഹ്മണ കുടുംബത്തിൽ ജനിച്ച ദേവസഹായംപിള്ള ക്രിസ്തീയ വിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ രാജാവിനാൽ തടവിലാക്കപ്പെടുകയും കാറ്റാടിമലയിൽ വെടിയേറ്റ് രക്തസാക്ഷിയായിത്തീരുകയും ചെയ്തു.

16. **2/17/** Line **2**

    ദൈവപരിപാലനയിൽ പൂർണ്ണമായും ആശ്രയിച്ചും ത്യാഗങ്ങൾ സഹിച്ചും പ്രേഷിതവേല ചെയ്യണമെന്ന്.

17. **6/48/1**

    സുവിശേഷത്തിലെ ഈശോയെ അനുകരിക്കുക.

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.

18. **1/13/1**

'സഭ സ്വഭാവത്താലേ പ്രേഷിതയാണ്.'

പ്രിതാവായ ദൈവത്താൽ മിശിഹാ അയയ്ക്കപ്പെട്ടതുപോലെ മിശിഹായാൽ അയയ്ക്കപ്പെട്ടവളാണ് സഭ. സകല ജനതകളേയും സുവിശേഷമറിയിക്കുക, അവർക്ക് ജ്ഞാനസനാനം നൽകുക. അവിടുന്ന് കല്പിച്ചവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുക, അവിടുത്തെ സ്നേഹത്തിനു സാക്ഷ്യം വഹിക്കുക! എന്നിവയായിരുന്നു ഈശോ ശിഷ്യന്മാരിലൂടെ സഭയെ ഏല്പിച്ച ദൗത്യങ്ങൾ (മത്താ. 28:18-20). സുവിശേഷ പ്രഘോഷണവും ജ്ഞാനസ്നാനവും പാപമോചനവും വിശുദ്ധ കുർബാനയും വഴി ലോകജനതകളെ വിശുദ്ധീകരിച്ച്, ഒരു ഗണമായി നയിച്ച് ദൈവരാജ്യത്തിന്റെ അംഗങ്ങളാക്കുക എന്നത് സഭയുടെ വിളിയും കടമയുമാണ്. ഈശോയുടെതന്നെ ദൗത്യത്തിൽ പങ്കുചേരുന്നതിനാൽ സഭയുടെ സ്വഭാവം പ്രേഷിതയായിരിക്കുക എന്നതാണ്.

19. **3/26/1**

വിശ്വാസത്തിൽ ഒന്നുചേർന്ന സഭാസമൂഹത്തിന്റെ യഥാർത്ഥ ശക്തിക്രേന്ദം അപ്പംമുറിക്കൽ ശുശ്രൂഷയായിരുന്നു. ഏകമനസ്സോടും നിഷകളങ്ക ഹൃദയത്തോടും ആഹ്ലാദത്തോടും കൂടെയാണ് അവർ അതിൽ പങ്കുചേർന്നിരുന്നത്. അന്ത്യ അത്താഴത്തിന്റെ ഓർമക്കായി നടത്തിയ അപ്പംമുറിക്കൽ ഈശോയുടെ ശരിരരക്തങ്ങളിലുള്ള പങ്കുചേരലായി അവർ ആചരിച്ചു. തങ്ങൾ സ്വീകരിക്കുന്ന അപ്പവും വീഞ്ഞും ഈശോയുടെ ശരീരരക്തങ്ങളാണെന്ന ബോധ്യം അവരിൽ ആഴപ്പെട്ടിരുന്നു. പ്രയാസങ്ങളിലും പ്രതിസന്ധികളിലും അവർക്ക് പ്രത്യേക ശക്തി ലഭിച്ചിരുന്നതും വിശുദ്ധ കുർബാനയിലെ ഈ പങ്കുചേരലിൽ നിന്നായിരുന്നു. വിശ്വാസ ജീവിതത്തിൽ അവരെ വളർത്തിയതും ഈ പങ്കുചേരലാണ്.

20. **8/61/1**

ഈശോ നൽകിയ മാതൃകയും പ്രബോധനങ്ങളുമാണ് സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ അടിസ്ഥാനമായി നിലകൊള്ളുന്നത്. ഈശോ തന്റെ പരസ്യജീവിതകാലത്ത് പാപികളോടും രോഗികളോടും ആകുലരോടും പ്രത്യേക കാരുണ്യം കാണിച്ചിരുന്നു. രോഗികൾക്ക് സൗഖ്യം നൽകിയും പാപികൾക്ക് മോചനം നൽകിയും ആകുലർക്ക് ആശ്വാസമേകിയും ഈശോ എല്ലാവർക്കും എല്ലാമായിത്തീർന്നു. അദ്ധ്വാനിക്കുന്നവരേയും ഭാരം വഹിക്കുന്നവരേയും അവിടുന്നു തന്റെ പക്കലേയ്ക്കു ക്ഷണിച്ചു (മത്താ 11:28). ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുന്നവനാണ് നല്ല അയൽക്കാരൻ എന്ന് നല്ല സമറായന്റെ ഉപമയിലൂടെ പഠിപ്പിച്ച ഈശോ അതുപോലെ ചെയ്യുവാൻ നമ്മോട് ആവശ്യപ്പെടുന്നു (ലൂക്ക 10:25-37). ആവശ്യക്കാരനു നേരെ കണ്ണടയ്ക്കുന്നത് നരകത്തിനർഹമാക്കുന്ന പാപമാണെന്ന് ധനവാന്റെയും ലാസറിന്റെയും ഉപമ നമ്മെ പഠിപ്പിക്കുന്നു. ദൈവം നൽകിയ സ്നേഹത്തിന്റെ പ്രമാണത്തിനെതിരാണ് ഈ അവഗണന.

## D. നമസ്കാരങ്ങൾ/ സത്യദീപം/ ബൈബിൾ/ ലോഗോ

21. മരിച്ച വിശ്വാസകളുടെ ആത്മാക്കൾ തമ്പുരാന്റെ മനോഗുണത്താൽ മോക്ഷത്തിൽ ചേരുവാൻ ഇടയാകട്ടെ.
    നിത്യപിതാവേ! ഈശോമിശിഹാ കർത്താവിന്റെ വിലതീരാത്ത തിരുച്ചോരയെക്കുറിച്ച് അവരുടെമേൽ കൃപയുണ്ടായിരിക്കേണമേ  1 സ്വ. 1 നന്മ. 1 ത്രി.
22. അമേരിക്ക
23. **പ്രഭാഷകൻ 2:6** കർത്താവിൽ ആശ്രയിക്കുക. അവിടുന്ന് നിന്നെ സഹായിക്കും. നേരായ മാർഗത്തിൽ ചരിക്കുക; കർത്താവിൽ പ്രത്യാശ അർപ്പിക്കുക.
24. **പുഞ്ചിരിക്കുന്ന ഈശോ:** ''അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം'' (മത്തായി 11:28) എന്നു പറയുന്ന ഈശോ, ജീവിതത്തിൽ തകർന്നവർക്കും വിവിധ ആസക്തികൾക്ക് അടിമകളായവർക്കും ജീവിതത്തിന്റ അർത്ഥം നഷ്ടപ്പെട്ട് നിരാശയിലകപ്പെട്ടവർക്കും പ്രത്യാശയേകുന്ന സ്നേഹത്തിന്റെ ആശ്രയമാണ്.

## E. രണ്ട് പേജിൽ കുറയാതെ ഉത്തരമെഴുതുക

25. **7/52-54**
    **പ്രാർത്ഥനയുടെ പ്രേഷിതത്വം:-** മദ്ധ്യസ്ഥ പ്രാർത്ഥനയുടെ ശക്തി, വി. കൊച്ചുത്രേസ്യയുടെ മാതൃക, വി. എവുപ്രാസ്യാമ്മയുടെ മാതൃക.
    **പ്രഘോഷണം വഴിയായുള്ള പ്രേഷിതത്വം:-** ശ്ലീഹന്മാരുടെ പ്രഘോഷണം, വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ മാതൃക, വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ മാതൃക.
26. പൊതുചോദ്യം

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**03/11/2024** **മാർക്ക് - 50**
**10.30 A.M. - 12.30 P.M.** **STD - X** **സമയം - 2 മണിക്കൂർ**

| **നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. |
|---|

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക** **1X10=10**

| | | |
|---|---|---|
| * ഏറ്റുപറച്ചിൽ | * വി. തോമസ് | * മാമ്മോദീസ സ്വീകരിച്ചവർ |
| * വി. യോഹന്നാൻ | * പ്രാർത്ഥനാ ജീവിതം | * അപ്പം മുറിക്കൽ |
| * വി. പൗലോസിന്റെ ലേഖനങ്ങൾ | * വി. ഫ്രാൻസീസ് സേവ്യർ | * വി. കൊച്ചുത്രേസ്യ |
| * ദൈവരാജ്യം | * നവമാലിക | * ശിശുക്കൾ |
| * ജീവകാരുണ്യ പ്രവൃത്തികൾ | * സുവിശേഷ പ്രഘോഷണം | * അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ |

1. ഈശോ ശ്ലീഹന്മാർ വഴി സഭയെ ഭരമേല്പിച്ച ദൗത്യം എന്ത്?
2. സുവിശേഷാനുസൃതം ജീവിച്ച ആദിമസഭയിൽ മിഴിവാർന്നു നിന്ന സവിശേഷത എന്തായിരുന്നു?
3. രക്തസാക്ഷിയല്ലാത്ത ശ്ലീഹ ആര്?
4. അഖില ലോക മിഷന്റെ മധ്യസ്ഥ ആര്?
5. വി. അഗസ്തീനോസിന്റെ ആത്മകഥയുടെ പേര് എന്ത്?
6. സഭയെ രക്ഷയുടെ മാർഗ്ഗമായും വിശ്വാസികളുടെ കൂട്ടായ്മയായും അവതരിപ്പിക്കുന്ന ബൈബിളിലെ ഗ്രന്ഥം ഏത്?
7. ദൈവത്തിന്റെ ഇഷ്ടം നിറവേറ്റപ്പെടുന്ന അവസ്ഥയെ എന്ത് പറയുന്നു?
8. പ്രവർത്തന നിരതമായ വിശ്വാസത്തിന്റെ പ്രതിഫലനമെന്ത്?
9. വി. പൗലോസ് ശ്ലീഹായുടെ പ്രബോധനമനുസരിച്ച് ആരാണ് വിശുദ്ധർ?
10. ഭാരതത്തിന്റെ രണ്ടാമത്തെ അപ്പസ്തോലൻ എന്നറിപ്പെടുന്ന വിശുദ്ധൻ

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** **1X6=6**

11. ശ്ലീഹന്മാരുടെ പ്രബോധനത്തിന്റെ പ്രധാന ഉള്ളടക്കം എന്തായിരുന്നു?
12. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളുടെ ലക്ഷ്യം എന്ത്?
13. മിഷൻ എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?
14. ഈശോ നമുക്ക് രക്ഷയുടെ മാർഗ്ഗമാണ് എന്ന് പറയുന്നത് എന്തുകൊണ്ട്?

15. ധനവാന്റെയും ലാസറിന്റെയും ഉപമ നമ്മെ പഠിപ്പിക്കുന്നതെന്ത്?

16. വിശുദ്ധ അപ്രേമിനെ 'പരിശുദ്ധാത്മാവിന്റെ വീണ' എന്ന് വിളിക്കുന്നത് എന്തുകൊണ്ട്?

**C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** **2X3=6**

17. സഭ രക്ഷയുടെ മാർഗ്ഗമാണ് എന്നുപറയുന്നത് എന്തുകൊണ്ട്?

18. ദൈവവചനം ജീവകാരുണ്യപ്രവർത്തനങ്ങളെ എങ്ങനെ സ്വാധീനിക്കുന്നു?

19. മതപീഡനം സഭയെ തളർത്തുകയല്ല വളർത്തുകയാണ് ചെയ്തത് എന്ന് പറയാൻ കാരണമെന്ത്?

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **2X4=8**

20. ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്കുവേണ്ടിയുള്ള ജപം എഴുതുക.

21. യേശുവിന്റെ ജനനത്തെ ആധാരമാക്കി ചരിത്രത്തെ AD എന്നും BC എന്നും വിഭജിച്ച വ്യക്തി?

22. വചനം പൂർത്തിയാക്കുക. ഫിലിപ്പി 4:6, "ഒന്നിനെക്കുറിച്ചും ..........."

23. 2024–2025 വിശ്വാസപരിശീലന വർഷ ആപ്തവാക്യം 'പ്രാർത്ഥനയിൽ വളരാം' എന്നാണല്ലോ. ഇതിനെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'വിരിച്ചുപിടിച്ച കൈകൾ' എന്തിനെ സൂചിപ്പിക്കുന്നു?

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X2=10**

24. 'പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽത്തന്നെ നിർജ്ജീവമാണ്' എന്ന യാക്കോബ് ശ്ലീഹായുടെ പ്രബോധനത്തെ അടിസ്ഥാനമാക്കി നമുക്ക് എങ്ങനെ പ്രവർത്തന നിരതമായ വിശ്വാസത്തിന് സാക്ഷികളാകാം എന്ന് 'സഭയും ജീവകാരുണ്യ പ്രവർത്തനങ്ങളും' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

25. നല്ല മാർക്ക് നേടിയ സ്റ്റീവിന് മൊബൈൽ ഫോൺ ഡാഡി സമ്മാനമായി നൽകി. സാവധാനം അവൻ കൂട്ടുകാരിൽ നിന്നും അകലുകയും പഠനത്തിൽ ശ്രദ്ധയില്ലാതാവുകയും ചെയ്തു. വിദ്യാർത്ഥി എന്ന നിലയിൽ നിങ്ങളുടെ സോഷ്യൽ മീഡിയ ഉപയോഗവും സ്ക്രീൻ ടൈമും വിലയിരുത്തി സ്റ്റീവിനെ എങ്ങനെ സഹായിക്കാമെന്ന് വിശദീകരിക്കുക.

| | |
|---|---|
| 26. ഇന്റേണൽ അസസ്സ്മെന്റ്: | 10 |
| മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ. | |

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം

## STD X

### A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക

1. സുവിശേഷ പ്രഘോഷണം (പാഠം 1, പേജ് 10 പാര 1)
2. പ്രാർത്ഥനാ ജീവിതം (പാഠം 3, പേജ് 26 പാര 2)
3. യോഹന്നാൻ (പാഠം 4, പേജ് 30 പാര 2)
4. വി. കൊച്ചുത്രേസ്യ (പാഠം 7, പേജ് 53 പാര 1)
5. ഏറ്റുപറച്ചിൽ (പാഠം 5, പേജ് 41 പാര 4)
6. അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ (പാഠം 3, പേജ് 23 പാര 2)
7. ദൈവരാജ്യം (പാഠം 2, പേജ് 18 പാര 4)
8. ജീവകാരുണ്യ പ്രവൃത്തികൾ (പാഠം 8, പേജ് 60 പാര 2)
9. മാമ്മോദീസ സ്വീകരിച്ചവർ (പാഠം 7, പേജ് 45 പാര 3)
10. വി. ഫ്രാൻസീസ് സേവ്യർ (പാഠം 6, പേജ് 46 പാര 2)

### B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക

11. പാഠം 3, പേജ് 24 പാര 2
12. പാഠം 7, പേജ് 52 പാര 1
13. പാഠം 1, പേജ് 13 പാര 3
14. പാഠം 3, പേജ് 23,24
15. പാഠം 8, പേജ് 61 പാര 1
16. പാഠം 5, പേജ് 42 പാര 2

### C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക

17. പാഠം 3, പേജ് 24 പാര 1
18. പാഠം 6, പേജ് 49 പാര 1
19. പാഠം 4, പേജ് 35 പാര 3

### D. നമസ്ക്കാരങ്ങൾ/ സത്യദീപം/ ബൈബിൾ / ലോഗോ

20. ശുദ്ധീകരണ സ്ഥലത്തെ ആത്മാക്കൾക്കുവേണ്ടിയുള്ള ജപം (നമസ്കാരങ്ങൾ പേജ് 26)
21. ഡയനീഷ്യസ് എക്സിഗുവൂസ് (സത്യദീപം, ജൂൺ 12, പേജ് 09)
22. ഫിലിപ്പി 4:6 (സെപ്റ്റംബർ 15, വചനദീപം പേജ് 26)
23. "വിരിച്ചുപിടിച്ച കൈകൾ" (വചനദീപം, പേജ് 9)

### E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക

24. പാഠം 8 'സഭയും ജീവകാരുണ്യ പ്രവർത്തനങ്ങളും'
25. പൊതുചോദ്യം

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

08/10/2023 | മാർക്ക് - 50

10.30 A.M. - 12.30 P.M. **STD - X** സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10**

| | | |
|---|---|---|
| * ദൈവരാജ്യം | * വി. എവുപ്രാസ്യാമ്മ | * സമൂഹം |
| * വി. ബേസിൽ | * സഭ | * അപ്പോളജി |
| * മിഷൻ | * സ്തേഫാനോസ് | * ഡീക്കന്മാർ |
| * പുരോഹിതർ | * വി. മദർ തെരേസ | * നന്മപ്രവൃത്തികൾ |
| * സ്നേഹത്തിന്റെ പ്രവൃത്തികൾ | * പന്തക്കുസ്താ ദിനത്തിൽ | * വി. ലിഖിതവും പാരമ്പര്യങ്ങളും |

1. ദൈവവചനം ജീവിതത്തിൽ എപ്രകാരം പ്രാവർത്തികമാക്കി എന്ന് അളക്കാനുള്ള അളവുകോൽ
2. സത്യ വിശ്വാസത്തിന്റെ ഉറവിടം
3. ദൈവത്തിന്റെ ഇഷ്ടം നിറവേറ്റപ്പെടുന്ന അവസ്ഥ
4. സഭാസമൂഹത്തിലെ കൂട്ടായ്മ നിലനിറുത്താനും ശക്തിപ്പെടുത്താനും ശ്ലീഹന്മാർ നിയമിച്ചവരെ ഏതു പേരിലാണ് അറിയപ്പെടുന്നത്?
5. പൗരസ്ത്യ സന്യാസസഭകളുടെ പിതാവ് എന്നറിയപ്പെടുന്നത് ആര്?
6. ശ്ലീഹന്മാർ പരസ്യമായി സുവിശേഷപ്രഘോഷണത്തിന് ആരംഭം കുറിച്ചത് എന്ന്?
7. വിശ്വാസസംരക്ഷകരുടെ കൃതികൾ ഏതു പേരിലാണ് അറിയപ്പെടുന്നത്?
8. സഭയുടെ പ്രഥമ രക്തസാക്ഷി ആര്?
9. അയയ്ക്കപ്പെട്ടവന്റെ ദൗത്യത്തെ സൂചിപ്പിക്കുന്ന പദം?
10. 'പ്രാർത്ഥിക്കുന്ന അമ്മ' എന്ന് ആളുകൾ വിളിച്ചിരുന്ന വിശുദ്ധ ആര്?

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X6=6**

11. സഭ സാർവ്വത്രിക രക്ഷയുടെ കൂദാശയാണ് എന്നു പറയുന്നത് എന്തുകൊണ്ട്?
12. പ്രേഷിത പ്രവർത്തനങ്ങളുടെ അടിസ്ഥാനം എന്ത്?
13. ശ്ലീഹന്മാരുടെ പ്രബോധനത്തിന്റെ പ്രധാന ഉള്ളടക്കം എന്ത്?
14. എല്ലാ പ്രേഷിതദൗത്യങ്ങളുടെയും ആരംഭം

15. സഭ ഔദ്യോഗികമായി വിശുദ്ധർ എന്നു വിളിക്കുന്നത് ആരെ?

16. ഏറ്റവും ശക്തവും ഫലപ്രദവുമായ സുവിശേഷപ്രഘോഷണം എന്ത്?

## C. രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക 2X3=6

(പാഠഭാഗങ്ങൾ നിങ്ങൾ മനസ്സിലാക്കിയവിധത്തിൽ ഉത്തരങ്ങൾ എഴുതിയാലും മതിയാകും.)

17. പരിശുദ്ധാത്മാവ് ഇന്നും സഭയെ വളർത്തുകയും ഈശോയുടെ പഠനങ്ങളിൽ അവളെ ഉറപ്പിക്കുകയും ചെയ്യുന്നു. എങ്ങനെ?

18. ലോകസുഖങ്ങളും സമ്പത്തും വെടിഞ്ഞ് ഏകാന്തതയിൽ പോയി തപസനുഷ്ഠിക്കുവാൻ വിശുദ്ധ അന്തോനിസിനെ പ്രേരിപ്പിച്ച വചനം ഏത്?

19. ഏതെല്ലാം വിധത്തിലാണ് സഭ സുവിശേഷപ്രഘോഷണ ദൗത്യം നിർവഹിക്കുന്നത്?

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 2X4=8

20. ശുദ്ധീകരണ സ്ഥലത്തെ ആത്മാക്കൾക്കുവേണ്ടിയുള്ള ജപം എഴുതുക.

21. ഏതെല്ലാം മൂല്യങ്ങളിൽ അധിഷ്ഠിതമായ സമാധാനത്തിന് ആഹ്വാനം ചെയ്താണ് പരിശുദ്ധ ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പ 'സമാധാനം ഭൂമിയിൽ' ('Pacem in Terris') എന്ന ചാക്രിക ലേഖനം എഴുതിയത്?

22. വചനം പൂർത്തിയാക്കുക. സങ്കീർത്തനം 107:1 "കർത്താവിനു ..........."

23. 2023–2024 വിശ്വാസപരിശീലനവർഷത്തിന്റെ ആപ്തവാക്യം 'നന്മയിൽ വളരാം' എന്നാണല്ലോ. ഇതിനെ ആസ്പദമാക്കിയുള്ള ഈ വർഷത്തെ ലോഗോയിൽ കാണുന്ന 'കുരിശും ഉത്ഥിതനായ ഈശോയും' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

(ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ഉൾപ്പെടുത്തി ചോദ്യങ്ങൾ മനസ്സിലാക്കിയവിധത്തിൽ ഉപന്യാസം തയ്യാറാക്കുക.)

24. രക്തസാക്ഷികളുടെ വിശ്വാസധീരത സ്വന്തമാക്കി ഇന്നത്തെ കാലഘട്ടത്തിൽ ക്ഷമിക്കുന്ന സ്നേഹത്തിന്റെയും നിസ്വാർത്ഥ സേവനത്തിന്റെയും സാക്ഷികളാകാൻ നമുക്ക് എങ്ങനെ സാധിക്കും? നാലാം പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

25. നമ്മുടെ രാജ്യം പുരോഗതിയിലേയ്ക്ക് കുതിക്കുന്നു. 'ചന്ദ്രയാൻ' ദൗത്യം വിജയപ്രദമായി. എന്നാൽ, യുവജനങ്ങൾ നാടുവിട്ട് അന്യ രാജ്യങ്ങളിലേയ്ക്കു പോകുന്നു. വഴിയോരജീവിതങ്ങൾ സാധാരണ കാഴ്ചയാകുന്നു. നിങ്ങളുടെ ആകാംക്ഷകളും പ്രതീക്ഷകളും എന്തെല്ലാം?

| | |
|---|---|
| 26. ഇന്റേണൽ അസസ്സ്മെന്റ്: | 10 |
| മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ. | |

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**02/10/2022** — **മാർക്ക് - 50**

**10.30 A.M. - 12.30 P.M.** **STD - X** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **1X5=5**

1. "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ".

   1. മർക്കോസ് 16:16 2. മർക്കോസ് 16:15 3. മർക്കോസ് 16:17

2. 'എടുത്തുവായിക്കുക' എന്ന ആന്തരികസ്വരം ശ്രവിച്ച് വിശുദ്ധ ഗ്രന്ഥം എടുത്ത് വായിച്ച വിശുദ്ധൻ ആര്?

   1. വി. ബേസിൽ 2. വി. ജെറോം 3. വി. അഗസ്തീനോസ്

3. 'മിഷനറി' എന്ന വാക്കിന്റെ അർത്ഥം എന്ത്?

   1. അയയ്ക്കപ്പെട്ടവൻ 2. അപ്പസ്തോലൻ 3. പ്രേഷിതൻ

4. ഒന്നാം നൂറ്റാണ്ടിലും രണ്ടാം നൂറ്റാണ്ടിന്റെ പകുതിവരെയുമുള്ള കാലഘട്ടത്തിലും ജീവിച്ചിരുന്ന ക്രിസ്തീയ ഗ്രന്ഥകാരന്മാർ ഏതുപേരിലാണ് അറിയപ്പെടുന്നത്?

   1. സഭാപിതാക്കന്മാർ 2. അപ്പസ്തോലപിതാക്കന്മാർ
   3. വിശ്വാസസംരക്ഷകർ

5. യേശുവിന്റെ രൂപാന്തരീകരണസമയത്ത് അവനോട് സംസാരിച്ചുകൊണ്ടിരുന്നത് ആരെല്ലാമായിരുന്നു? (ലൂക്കാ 9:30)

   1. പത്രോസും യോഹന്നാനും 2. യാക്കോബും പത്രോസും
   3. മോശയും ഏലിയായും

**B. പൂരിപ്പിക്കുക** **1X5=5**

6. -------- സഭയെ തളർത്തുകയല്ല വളർത്തുകയാണ് ചെയ്തത്.
7. -------- ഏറ്റവും മഹത്തായ പ്രേഷിത പ്രവർത്തനമാണ്.
8. 'ആവശ്യക്കാരനു നേരെ കണ്ണടയ്ക്കുന്നത് നരകത്തിനർഹമാക്കുന്ന പാപ'മാണെന്ന് -------- ഉപമ നമ്മെ പഠിപ്പിക്കുന്നു.
9. 2025 ആഗോള കത്തോലിക്കാസഭ ജൂബിലിവർഷത്തിന്റെ ആപ്തവാക്യം --------.
10. "സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം" എന്ന് ഉദ്ഘോഷിച്ച ------ന്റെ തീക്ഷ്ണത സഭയിലും കുറവുകൂടാതെ നിലനിൽക്കുന്നു.

## C. മൂന്നോ നാലോ വാചകങ്ങളിൽ ഉത്തരമെഴുതുക 2X7=14

11. രക്തസാക്ഷികളുടെ വിശ്വാസധീരത സ്വന്തമാക്കി വിശ്വാസം സംരക്ഷിക്കാൻവേണ്ടി നാം പിന്തുടരേണ്ട മാർഗ്ഗം എന്താണ്?
12. സഭാപിതാക്കന്മാരായ വി. ബേസിൽ, വി. ക്രിസ്റ്റോസ്റ്റോം എന്നിവർ ജീവകാരുണ്യപ്രവർത്തനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് പഠിപ്പിക്കുന്ന കാര്യങ്ങൾ ഏവ?
13. അപ്പംമുറിക്കൽ ശുശ്രൂഷ ആദിമക്രൈസ്തവ സമൂഹത്തിന്റെ ശക്തികേന്ദ്രമായിരുന്നു. വ്യക്തമാക്കുക.
14. വി. ദേവസഹായത്തെക്കുറിച്ച് കുറിപ്പെഴുതുക.
15. പ്രാർത്ഥനയുടെ പ്രേഷിതത്വം – നോട്ടുകുറിക്കുക.
16. കാരുണ്യപ്രവൃത്തികളിൽ ആദ്ധ്യാത്മികങ്ങൾ എഴുതുക.
17. 2022–2023 വിശ്വാസപരിശീലനവർഷത്തിന്റെ ആപ്തവാക്യം 'ഒപ്പം നടക്കാം' എന്നാണല്ലോ. ഇതിനെ ആസ്പദമാക്കിയുള്ള ഈ വർഷത്തെ ലോഗോയിൽ കാണുന്ന 'മരത്തിലെ 24 ഇലകൾ' എന്തിനെ സൂചിപ്പിക്കുന്നു. വിശദമാക്കുക.

## D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു പേജിൽ കുറയാതെ എഴുതുക 5X2=10

18. പ്രേഷിതപ്രവർത്തനത്തിന്റെ നാല് മാർഗങ്ങൾ ഏവ? വിശദമാക്കുക.
19. എല്ലാവരും പ്രേഷിതർ. വിശദമാക്കുക.
20. സുവിശേഷവത്ക്കരണം സാധ്യമാക്കുവാൻ ജീവിതസാക്ഷ്യം അനിവാര്യമാകുന്നതെങ്ങനെ?

## E. രണ്ട് ചോദ്യങ്ങളിൽ ഒരെണ്ണത്തിന് രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക 6X1=6

21. എങ്ങനെയെല്ലാം നമുക്ക് സഭയുടെ പ്രേഷിതപ്രവർത്തനങ്ങളായ ജീവകാരുണ്യപ്രവർത്തനങ്ങളിൽ സജീവമായി പങ്കുചേരാം? വിവരിക്കുക.
22. നമ്മുടെ ചുറ്റുപാടുകളിൽ ലഹരിവസ്തുക്കളുടെ ഉപയോഗവും ലഭ്യതയും വർദ്ധിച്ചുവരുന്നുണ്ട്. ഇവ ഉപയോഗിക്കുവാനുള്ള സാഹചര്യങ്ങളിലും പ്രലോഭനങ്ങളിലും വീഴാതിരിക്കാൻ എന്തെല്ലാം ജാഗ്രതാ നടപടികളാണ് നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്? ഇവയുടെ ഉപയോഗത്താൽ സ്വന്തം ജീവിതത്തിനും സമൂഹത്തിനും വരുത്തിവയ്ക്കുന്ന വിനകൾ എന്തൊക്കെയാണെന്നു നിങ്ങൾക്കറിയാമോ? വിശദമാക്കുക.

| | |
|---|---|
| 23. ഇന്റേണൽ അസസ്സ്മെന്റ്:<br>മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ. | 10 |

# STD X

## A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. മർക്കോ. 16:15 (പാഠം 1, പേജ് 10, പാര. 1)
2. വിശുദ്ധ അഗസ്തീനോസ് (പാഠം 6, പേജ് 46, പാര. 3)
3. അയയ്ക്കപ്പെട്ടവൻ (പാഠം 1, പേജ് 11, പാര. 2)
4. അപ്പസ്തോലപിതാക്കന്മാർ (പാഠം 5, പേജ് 39, പാര. 5)
5. മോശയും ഏലിയായും (ലൂക്കാ 9:30) (ബൈബിൾ)

## B. പൂരിപ്പിക്കുക

6. മതപീഡനങ്ങൾ (പാഠം 4, പേജ് 35, പാര. 3)
7. സുവിശേഷ പ്രഘോഷണം (പാഠം 7, പേജ് 53)
8. ധനവാന്റെയും ലാസറിന്റെയും (പാഠം 8, പേജ് 61, പാര. 2)
9. പ്രത്യാശയുടെ തീർത്ഥാടകർ (Pilgrim of Hope) (സത്യദീപം, ജൂലൈ 13, പേജ് 12)
10. വിശുദ്ധ പൗലോസിന്റെ (പാഠം 2, പേജ് 20, പാര. 3)

## C. മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക

11. പാഠം 4, പേജ് 35, പാര. 4
12. പാഠം 8, പേജ് 62, പാര. 2
13. പാഠം 3, പേജ് 26, പാര. 1
14. പാഠം 4, പേജ് 34
15. പാഠം 7, പേജ് 52, പാര. 3
16. നമസ്കാരങ്ങൾ 18
17. ലോഗോ

## D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക

18. പാഠം 7, പേജ് 52-57
19. പാഠം 1, പേജ് 14
20. പാഠം 2, പേജ് 19

## E. രണ്ടു ചോദ്യങ്ങളിൽ ഒരെണ്ണത്തിന് രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക.

21. .

22.